(18) മടത്തുവിളാകം വില്ലേജിലെ പുറമ്പോക്കിൽ താമസിക്കുന്നവരെ ഒഴിപ്പിക്കൽ

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇതിനുമുമ്പ് അവതരിപ്പിച്ചതിന് എനിക്ക് മറുപടി കിട്ടിയിട്ടില്ല. തിരുവനന്തപുരം താലൂക്കിൽ മടത്തുവിളാകം വില്ലേജിൽ കുന്നുകുഴി വാർഡിൽ പട്ടം പുറച്ചടി വിളയിൽ സർവ്വേ നമ്പർ 2153 മുതൽ 58 വരെയുള്ള പുറമ്പോക്കുഭൂമിയിൽ തലമുറയായി താമസിച്ചുവരുന്ന തൊണ്ണൂറു പിന്നോക്ക ഹരിജൻ കുടുംബങ്ങളുണ്ട്. അവർക്ക് നാളിതുവരെ പട്ടയം കിട്ടിയിട്ടില്ലെന്ന വിഷയമാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നത്. ഇവർക്ക് പട്ടയം, വെള്ളം, വെളിച്ചം, ഗതാഗതസൗകര്യം, ഡ്രെയിനേജ് സൗകര്യം എന്നിവ ലഭിക്കുന്നതിനുവേണ്ടി ദീർഘകാലമായി ഗവൺമെന്റിൽ നിവേദനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. എത്രയോ കാലങ്ങളായി ഈ കാര്യങ്ങളും ഉന്നയിച്ചിട്ടും ഇതുവരെ പരിഹാരം ഉണ്ടാകുന്നില്ല. ഇപ്പോഴും തലമുറകളായി അവിടെ താമസിക്കുന്ന ആളുകളെ മാറ്റി പാർപ്പിക്കുവാൻ ഉള്ള ചില നീക്കങ്ങളും നടക്കുന്നതായിട്ടാണ് അറിയുന്നത്.

ഒരു സ്വകാര്യ വ്യക്തിയെ ആ ഭൂമിയുടെ ഉടമയാക്കി രംഗത്തുകൊണ്ടുവന്ന് ഈ പാവപ്പെട്ട കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും റവന്യൂ ഡിപ്പാർട്ടുമെന്റിലെ ചില ഉദ്യോഗസ്ഥൻമാർ നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെ വർഷങ്ങൾക്കുമുമ്പ് ഇവർക്ക് പട്ടയം കൊടുക്കണമെന്ന് കേരള ഗവൺമെന്റ് തീരുമാനിക്കുകയും അതിന്റെ നടപടികളും ആരംഭിക്കുകയും ചെയ്തതാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇത് സർക്കാർ പുറമ്പോക്കു ഭൂമിയാണെന്ന് റവന്യൂ റെക്കോർഡുകളായിരിക്കെ ഒരു സ്വകാര്യവ്യക്തിയുടേതാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി ശ്രമിക്കുന്ന സാഹചര്യത്തിൽ ഈ പാവങ്ങളെ രക്ഷിക്കാനും കഴിഞ്ഞകാല ഗവൺമെന്റിന്റെ നിലപാടുകൾക്കനുസരിച്ച് അടിയന്തിരമായി പട്ടയം നൽകുന്നതിനും അവർ ആവശ്യപ്പെട്ട മറ്റു കാര്യങ്ങളും നടപ്പിലാക്കുന്നതിനും വേണ്ട നടപടികളും സ്വീകരിക്കണമെന്ന അഭ്യർത്ഥിക്കുകയാണ്.

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇരുപത് മുപ്പതു വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിയാണിതെന്ന് ബഹുമാനപ്പെട്ട ഇസ്മയിൽതന്നെ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റിന് കിട്ടിയ റിപ്പോർട്ട് അനുസരിച്ച്, വേലായുധൻ പണ്ഡിറർ, രാംമോഹൻ പണ്ഡിറർ എന്നിവരിൽനിന്നും ഗവൺമെന്റ് ഏറ്റെടുത്ത മിച്ചഭൂമിയാണെന്നാണ്. മിച്ചഭൂമിയായതുകൊണ്ട് താലൂക്ക് ലാൻഡ് ബോർഡിന്റെ തീരുമാനത്തിനെതിരായി സ്റ്റേറ്റ് ലാൻഡ് ബോർഡ് ഹൈക്കോടതിയിൽ ഒരു റിവിഷൻ പെറ്റീഷൻ കൊടുത്തിരിക്കുകയാണ്. 29-11-1984-ലാണ് ഈ പെറ്റീഷൻ കൊടുത്തത്. ഈ ഭൂമിയിൻമേൽ താലൂക്ക് ലാൻഡ് ബോർഡ് എടുത്ത തീരുമാനത്തിന്റെ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് സ്റ്റേറ്റ് ലാൻഡ് ബോർഡ് പെറ്റീഷൻ കൊടുത്തത്. ആ തീരുമാനം വന്നതിനുശേഷമേ അനന്തരനടപടികളും എടുക്കുവാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly